## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1676 — 10-03-2020-ൽ മറുപടിക്ക്.

## അക്ഷയ കേന്ദ്രങ്ങൾ അമിത ഫീസ് ഈടാക്കുന്നത് തടയുന്നതിന് നടപടി

ചോദ്യം
ശ്രീ.കെ. ദാസൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചില അക്ഷയ കേന്ദ്രങ്ങൾ അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കാർ അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്കുള്ള ഏകീകൃത നിരക്കുകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ സ.ഉ.(അച്ചടി) നം.3/2018/വിസവ, തീയതി 09/05/2018 പ്രകാരം ഏകീകരിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകിത്തുടങ്ങിയ റേഷൻകാർഡ് സംബന്ധമായ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് സ.ഉ(കൈ)നം. 21/2018/വിസവ തീയതി 20.08.2018, സ.ഉ(എം.എസ്)നം 9/2020/വിസവ തീയതി 24.02.2020 എന്നീ ഉത്തരവുകൾ പ്രകാരവും നിശ്ചയിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ എടുക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർ, അക്ഷയ ഡയറക്ടർ, സർക്കാർ തലങ്ങളിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ